പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1802 **26-10-2026-ൽ മറുപടിയ്ക്ക്**

അംഗൻവാടി വർക്കർമാർക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) കാറ്റഗറി നമ്പർ 236/2022 പ്രകാരം അംഗൻവാടി വർക്കർമാർക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം ചെയ്ത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിലെ അവസ്ഥയും അതിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ബി) അംഗൻവാടി വർക്കർമാരുടെ 50% സംവരണ തസ്തികകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പി.എസ്.സി. മുഖേന വേഗത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 50 വയസ്സിന് മുകളിൽ പ്രായമുള്ളതിനാൽ ഇനി പി.എസ്.സി. പരീക്ഷകൾ എഴുതാൻ അവസരമില്ലാത്ത അംഗൻവാടി വർക്കർമാരുടെ സാഹചര്യം പരിഗണിച്ച്, നിലവിലുള്ള ഒഴിവുകളിലേക്ക് എത്രയും വേഗം നിയമന ശുപാർശ നൽകുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ